# KERALA VISHWAKARMA ASSOCIATION MUMBAI (Reg.)

Regd. No. 569 dt 3 - 6 - 95 & F - 17700 (Bom) dt. 12 - 10 - 1995

Address: G-1, Bldg No.4, Hema Park, Savarkar Marg, Bhandup (East),
Mumbai-400 042. Tel: 022 25662644 / 25664640. Web: www.kvamumbai.com
E-mail: keralavishwakarmamumbai@gmail.com/info@kvamumbai.com


## KVA മെമ്പർ എന്നതിൽ ഞാൻ അഭിമാനിക്കുന്നു
## സംഘടനയെക്കുറിച്ചു രണ്ടു വാക്ക്

പ്രിയപ്പെട്ട സുഹൃത്തുക്കളെ,

കേരള വിശ്വകർമ്മ അസോസിയേഷൻ, **മുംബൈയുടെ സിൽവർ ജൂബിലി ആഘോഷം നവംബർ പത്താം തീയതി ഞായറാഴ്ച രാവിലെ ഒമ്പതു മണി മുതൽ വൈകിട്ട് 4 30 വരെ മുള്ളുണ്ട് വെസ്റ്റിലെ കാളിദാസ നാട്യ മന്ദിർ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ.**

ഈ പരിപാടിയുടെ പരിപൂർണ്ണ വിജയത്തിനായി എല്ലാവരുടെയും സാന്നിധ്യവും സാമ്പത്തിക സഹകരണവും പ്രതീക്ഷിച്ചു കൊള്ളുന്നു.

1994 ൽ കലീനയിൽ താമസിച്ചിരുന്ന വിശ്വകർമ്മ സമുദായ സ്നേഹിയായിരുന്ന, **ദിവംഗതനായ ശ്രീ കെ കെ ഗോപാലൻ** അവർകളുടെ നേതൃത്വത്തിൽ ഏതാനും സമുദായ സ്നേഹികൾ ഒത്തുചേർന്ന് കേരള വിശ്വകർമ്മ അസോസിയേഷൻ, മുംബൈ, എന്ന പേരിൽ ഈ സമുദായ സംഘടന രൂപികരിച്ചു പ്രവർത്തനം ആരംഭിച്ചു. അന്ധേരി വെസ്റ്റിൽ താമസിച്ചിരുന്ന, സമുദായ സ്നേഹിയായിരുന്ന, **ദിവംഗതനായ, ശ്രീ കെ ശ്രീധരൻ** അവർകളുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങളിൽ ഏകദേശം ഒരു വർഷത്തിൽ 290 അംഗങ്ങളെ സംഘടനയിൽ ചേർക്കാൻ സാധിച്ചു. 1994 മുതൽ 1997 വരെയുള്ള കാലഘട്ടത്തിലെ സംഘടന പ്രവർത്തകർ മൂന്നര ലക്ഷത്തോളം രൂപ ഓഫീസ് കെട്ടിടത്തിന് വേണ്ടി സമാഹരിച്ചു വെച്ചിരുന്നു. പിന്നീട് 1997 മുതൽ 1999 വരെയുള്ള സമുദായ പ്രവർത്തകരുടെ അഹോരാത്ര പരിശ്രമത്തിന്റെയും കൂടി ഫലമായി, 10 ലക്ഷത്തിൽ പരം രൂപ ചിലവിൽ **1999 ജനുവരി ഇരുപത്തിയാറാം തീയതി ഭാണ്ഡൂപ് ഈസ്റ്റിൽ സംഘടനയുടെ സ്വന്തമായ ഓഫീസ് ഉദ്ഘാടനം ചെയ്തു പ്രവർത്തിച്ചു തുടങ്ങി.**

സംഘടനയുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി 12 പ്രാദേശിക കമ്മറ്റികൾക്കു പുറമേ വിവാഹ സഹായസമിതി, വെൽഫെയർ സമിതി, കലാ സാംസ്കാരിക സമിതി, യുവജനസമിതി, വനിതാ വിഭാഗം എന്നിവയിലൂടെയാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ പ്രാദേശിക സമിതികൾ അതാതു പ്രദേശങ്ങളിൽ പ്രതി മാസ മീറ്റിംഗുകളും, വാർഷിക കുടുംബ സംഗമങ്ങളും നടത്തിവരുന്നുണ്ട്.

നമ്മുടെ സംഘടനയുടെ പ്രധാനപ്പെട്ട വിഭാഗമായ വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ ചികിത്സാസഹായം, വിദ്യാഭ്യാസ സഹായം എന്നിവയ്ക്കായി ഇന്നേവരെ **ഏഴ് ലക്ഷത്തോളം രൂപ** നമ്മുടെ സമുദായത്തിലെ അവശരായ അംഗങ്ങൾക്ക് സഹായമായി നൽകുവാൻ സംഘടനക്ക് കഴിഞ്ഞിട്ടുണ്ട്.

2007 ൽ ഗുജറാത്തിൽ സംഭവിച്ച പ്രളയ ദുരന്ത നിവാരണത്തിന് സഹായധനമായി **11000 രൂപ,** ഗുജറാത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.

2012 സെപ്റ്റംബറിൽ മുംബൈയിൽ റെയിൽവേ അപകടത്തിൽ മരണമടഞ്ഞ കൊല്ലം സ്വദേശിയായ സമുദായ അംഗം ബാബു വി ആചാരിയുടെ അന്ത്യകർമ്മങ്ങൾ മുംബൈ സെൽട്രലിന് അടുത്ത്, നാട്ടിൽ നിന്നു വന്ന ബന്ധുക്കളുടെ സാന്നിധ്യത്തിൽ, നമ്മുടെ സംഘടനാ പ്രവർത്തകർ നിർവഹിച്ചു.

2017 മെയ് മാസം ഏഴാം തീയതി വസായി റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ നിന്ന് വീണ് ഗുരുതരമായ പരിക്കു പറ്റിയ കൊല്ലം സ്വദേശി അനീഷ് ഗോപാലൻ ആചാരിക്ക് വേണ്ടി സമുദായ സ്നേഹികൾ സ്വരൂപിച്ച **75,000 രൂപ** ചികിത്സാ സഹായമായി കൊടുത്തു.

2018 ൽ കേരളത്തിൽ സംഭവിച്ച പ്രളയ ദുരന്തനിവാരണത്തിന് **ഒന്നേ മുക്കാൽ ലക്ഷം രൂപ** കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയതും എടുത്തുപറയേണ്ടതാണ്.

HSC, SSC പരീക്ഷയിൽ പ്രശസ്ത വിജയം നേടിയ വിദ്യാർത്ഥികളെ എല്ലാവർഷവും ട്രോഫി കൊടുത്തു ആദരിച്ചു പോരുന്നു.

സംഘടനയുടെ പ്രവർത്തനവിവരങ്ങൾ എല്ലാവരെയും അറിയിക്കുന്നതിനു വേണ്ടി **www.kvamumbai.com** എന്നപേരിൽ സ്വന്തമായ വെബ്സൈറ്റ് സൃഷ്ടിക്കുകയും സംഘടനയുടെയും, ക്രെഡിറ്റ് സൊസൈറ്റിയുടെയും, വിശ്വ വിദ്യാ ഫൗണ്ടേഷന്റെയും എല്ലാ പ്രവർത്തനങ്ങളും, എല്ലാവരുടെയും അറിവിലേക്കായി പരസ്യപ്പെടുത്തുകയും ചെയ്തു. ഈ വെബ്സൈറ്റിൽ തന്നെ സമുദായത്തിലെ വിവാഹപ്രായമായ വർക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ, കുറഞ്ഞ പണച്ചിലവിൽ തിരഞ്ഞെടുക്കാൻ പ്രത്യേക വിഭാഗം **(Matrimonial Portal)** ചേർക്കുകയും ചെയ്തു. ജീവിത പങ്കാളികളെ കേവലം 1000 രൂപ മാത്രം കൊടുത്ത് സംഘടനയുടെ അംഗങ്ങൾക്കും 1500 രൂപ കൊടുത്താൽ മുംബൈയ്ക്ക് പുറത്തുള്ളവർക്കും, തിരഞ്ഞെടുക്കുവാനുള്ള സൗകര്യവും സംഘടന ഏർപ്പെടുത്തി. ഈ സൗകര്യം വിവാഹം കഴിയുന്നതുവരെ, കൂടുതൽ പണം അടക്കാതെ ഉപയോഗിക്കാവുന്നതും ആണ്.

സംഘടനയുടെ ഉപവിഭാഗമായ കലാ, സാംസ്കാരിക സമിതി സമുദായാഗങ്ങളുടെ കലാ സാംസ്കാരിക പ്രോത്സാഹനത്തിന് വേണ്ടി വർഷംതോറും കലോത്സവവും ചിത്രരചനാ മത്സരവും സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞവർഷം സമുദായത്തിലെ ചെറുപ്പക്കാർക്ക് വേണ്ടി പ്രശസ്തനും സമുദായ അംഗവുമായ ശ്രീ അജിത്ത് വിദ്യാധരൻ, ***മി. സൂപ്പർ*** എന്ന് പരിശീലനപരിപാടിയും ഈ സമിതിവഴി സംഘടിപ്പിക്കുകയുണ്ടായി.

സമുദായത്തിലെ വ്യക്തികളുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി 19 വർഷം മുൻപേ സംഘടനയുടെ ഭാരവാഹികൾ മുൻകൈയ്യെടുത്ത് **കേരള വിശ്വകർമ്മ സഹകരണ ക്രെഡിറ്റ് സൊസൈറ്റി** സ്ഥാപിക്കുകയും സുസ്ത്യർഹമായ സേവനം സമുദായാംഗങ്ങൾക്ക് കൊടുക്കുകയും ചെയ്തുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രണ്ടു കോടിയോളം രൂപയുടെ വായ്പ കൊടുത്തു സമുദായാഗങ്ങളെ സഹായിക്കുവാനും കഴിഞ്ഞു. മേൽപ്പറഞ്ഞ വായ്പകൾ ബിസിനസ്, വീടു നവീകരണം, പുതിയ വീട് വാങ്ങൽ, ആരോഗ്യ ആവശ്യങ്ങൾ, വിവാഹം, വിദ്യാഭ്യാസം, വ്യക്തിഗതം എന്നീ ആവശ്യങ്ങൾക്ക് വേണ്ടിയാണ് കൊടുത്തത്. സൊസൈറ്റിയുടെ ഓഹരി എടുത്തവർക്ക് എട്ട് ശതമാനം നിരക്കിൽ ലാഭവിഹിതം നൽകുവാനും കഴിയുന്നു എന്ന് അറിയിക്കുന്നതിൽ അഭിമാനമുണ്ട്. സൊസൈറ്റിയിൽ സ്ഥിര നിക്ഷേപകർക്ക് മറ്റു ബാങ്കുകളെക്കാൾ അധികം പലിശ കൊടുക്കാനും നമുക്ക് സാധിക്കുന്നുണ്ട്. തുടർച്ചയായി ഏഴാം വർഷവും **ഓഡിറ്റ് A ഗ്രേഡ് നേടിയതും** നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. ഇപ്പോൾ സംഘടനാ അംഗങ്ങൾക്ക് 15 ലക്ഷം രൂപവരെയും വായ്പ സൊസൈറ്റി നൽകുന്നുണ്ട്. വരും വർഷങ്ങളിൽ മുംബൈയുടെ വിവിധ സ്ഥലങ്ങളിൽ ശാഖ സ്ഥാപിച്ച് ധനസഹായം എത്തിക്കുവാൻ ഉദ്ദേശമുണ്ട്.

വിദ്യാഭ്യാസ മേഖലയുടെ പ്രാധാന്യം മനസ്സിലാക്കി നമ്മുടെ സമുദായത്തിന് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങളും ജോലി സാധ്യതകളും ഒരുക്കാൻ **വിശ്വ വിദ്യാ ഫൗണ്ടേഷൻ, മുംബൈ** എന്ന പേരിൽ ഒരു ചാരിറ്റബിൾ വിദ്യാഭ്യാസ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഏതാനും നിസ്വാർത്ഥ പ്രവർത്തകരുടെയും പ്രയത്നങ്ങളും പ്രോത്സാഹനങ്ങളും കൊണ്ട് വിശ്വജ്യോതി കിഡ്സ് സ്കൂൾ എന്നപേരിൽ **2014 ൽ കല്യാണിലും 2017 ൽ വസായിയിലും** സ്കൂൾ തുറന്നു പ്രവർത്തിച്ചു വരികയാണ്. ഈ രണ്ട് സ്കൂളുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വരും വർഷങ്ങളിൽ നഗരത്തിലെ മറ്റു ഭാഗങ്ങളിലും ശാഖകൾ തുടങ്ങുന്നതിന് ഉദ്ദേശമുണ്ട്. ഈ സ്കൂളുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ എല്ലാ സമുദായ സ്നേഹികളുടെയും നിസ്സീമമായ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

## ഭാവി പരിപാടികൾ

നമ്മുടെ സമുദായാഗംങ്ങൾ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമായി പലപ്പോഴും ക്രെഡിറ്റ് സൊസൈറ്റിയിൽ നിന്നും പണം കടം എടുക്കാറുണ്ട്. നിർഭാഗ്യവശാൽ പണം എടുത്തവരിൽ ചിലർ അകാലമൃത്യു വരിക്കുകയും അവരുടെ കടബാധ്യത തിരിച്ചടയ്ക്കാൻ കഴിയാതെ ആ കുടുംബവും ഗ്യാരണ്ടി കൊടുത്ത കുടുംബവും സാമ്പത്തികവും മാനസികമായും തകരുന്ന ഒരു സ്ഥിതി വിശേഷം വന്നുചേരാറുണ്ട്. നമ്മുടെ സമുദായ അംഗങ്ങളിൽ അധികംപേരും ഒറ്റ വരുമാനക്കാരും ചെറുകിട ജോലിക്കാരും ആയതിനാലും പലപ്പോഴും സ്വന്തം കിടപ്പാടം പോലും വിറ്റ് കടം വീട്ടേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സാമ്പത്തിക നിലനിൽപ്പിനുവേണ്ടി മതപരിവർത്തനവും മാനസിക പ്രശ്നങ്ങളിൽനിന്ന് രക്ഷനേടാൻ കഴിയാതെ ആത്മഹത്യയെ ശരണം പ്രാപിക്കുകയും ചെയ്യേണ്ടിവരുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായും അതോടൊപ്പം നമ്മുടെ ക്രെഡിറ്റ് സൊസൈറ്റിക്ക് ഇതുമൂലം ഉണ്ടാകാവുന്ന നഷ്ടം ഇല്ലാതാക്കുവാനും വേണ്ടി സംഘടന **Loan Liabiltiy Repayment Assurance Scheme** വഴി ഇത്തരം മെമ്പർമാരുടെ കടബാധ്യതകൾ മുഴുവനായും ഏറ്റെടുക്കാൻ തീരുമാനിച്ച വിവരവും സസന്തോഷം അറിയിച്ചുകൊള്ളട്ടെ. വേറെ ഒരു സമുദായ സംഘടനയും ചെയ്യാത്ത ഈ പദ്ധതിയിലൂടെ നമ്മുടെ സംഘടന മറ്റു സംഘടനകൾക്കും മാതൃകയാകുകയാണ്. ഈ പദ്ധതിയിലൂടെ നമ്മുടെ ക്രെഡിറ്റ് സൊസൈറ്റിയിൽ നിന്ന് വായ്പ എടുക്കുന്ന എല്ലാ സംഘടന അംഗങ്ങളുടെയും കടബാധ്യതകൾ, അവർക്ക് നിർഭാഗ്യവശാൽ മരണം സംഭവിച്ചാൽ മുഴുവൻ തുകയും കേരള വിശ്വകർമ്മ അസോസിയേഷൻ തിരിച്ചടക്കുന്നതാണ്.

മററു സമുദായങ്ങളുടെ പുരോഗതിയുടെ പ്രധാനകാരണം അവരുടെ പരസ്പര സഹായ മനോഭാവമാണ്. സ്വന്തം ആവശ്യത്തിന് സ്വന്തം സമുദായക്കാരെ മാത്രം ആശ്രയിക്കുക എന്നതാണ് അവരുടെ മൊത്തമായുള്ള പുരോഗതിയുടെ രഹസ്യം എന്ന് മനസ്സിലാക്കി, നമ്മുടെ സമുദായത്തിലെ വ്യവസായികൾക്കും, സേവനദാതാക്കൾക്കും പരസ്പരം വ്യവസായ ആവശ്യങ്ങൾക്ക് സഹകരിക്കാനും മറ്റുള്ളവർക്ക് സമുദായത്തിലെ വ്യവസായികളെയും സേവനദാതാക്കളെയും സ്വന്തം സ്ഥാപനങ്ങളിൽ പരിചയപ്പെടുത്താനും ഉപകരിക്കുന്ന **ഗുഡ്സ് ആൻഡ് സർവീസ് കോർണർ** എന്ന ഒരു വിഭാഗം കൂടി വെബ്സൈറ്റിൽ ചേർക്കാനുള്ള പദ്ധതി തുടങ്ങിക്കഴിഞ്ഞു. ഈ ഉദ്യമം കൊണ്ട് സമുദായത്തിലെ വ്യവസായികൾക്കും സേവന ദാതാക്കൾക്കും കാര്യമായ ഗുണംചെയ്യുമെന്ന് സംഘടനയ്ക്ക് പൂർണമായ വിശ്വാസമുണ്ട്.

സ്വന്തമായി ഈ നഗരത്തിൽ ഒരു വീട് എന്ന സ്വപ്നം ഇല്ലാത്തതായി ആരുംതന്നെ ഉണ്ടാകുകയില്ല. അതിഭീമമായ സംഖ്യ കൊടുത്തു പലർക്കും സ്വന്തം വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള കഴിവ് നമ്മുടെ സമുദായത്തിലെ പലർക്കും ഇല്ല. പക്ഷേ ഈ സ്വപ്നം നമുക്ക് ഒതുങ്ങുന്ന സംഖ്യയിൽ സാക്ഷാത്കരിക്കാനുള്ള ശ്രമത്തിനായി പുരോഗമനചിന്താഗതിക്കാരായ ഏതാനും സമുദായ സ്നേഹികൾ രൂപംനൽകിയ **കർമ്മികോ ഇൻറെക്ക് ലിമിറ്റഡ്** എന്ന കമ്പനി 2019 ജൂൺ മാസം അംഗീകാരം ലഭിച്ച് പ്രവർത്തനം തുടങ്ങിയ വിവരം സന്തോഷ പൂർവ്വം അറിയിച്ചു കൊള്ളട്ടെ. നമ്മുടെ സമുദായ സ്വപ്നഭൂമിയായ വിശ്വകർമ്മ നഗർ നിർമ്മിക്കാനായി തീരുമാനിച്ചത് നവി മുംബൈയിൽ പൻവേൽ എന്ന സ്ഥലത്താണ്. അടുത്ത ഏതാനും വർഷങ്ങളിൽ നമ്മുടെ സമുദായത്തിലെ എല്ലാവർക്കും നഗരത്തിൽ സ്വന്തമായി വീട് ഉണ്ടാവണമെന്ന് ഉദ്ദേശമാണ് ഈ ഇരുപത്തിയഞ്ചാം വാർഷികത്തിൽ കേരള വിശ്വകർമ്മ അസോസിയേഷൻ വിളംബരം ചെയ്യുന്നത്. ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവരും നിസ്സീമമായി സഹകരിക്കുമെന്ന് പ്രതീക്ഷിച്ച്കൊള്ളുന്നു.

സംഘടനയുടെ **സിൽവർ ജൂബിലി ആഘോഷപരിപാടിയിൽ നിന്ന് ലഭിക്കുന്ന അധിക വരുമാനം സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാനാണ് സംഘടന ഉദ്ദേശിക്കുന്നത്.** ആയതുകൊണ്ട് എല്ലാവരും പരമാവധി സാമ്പത്തിക സഹായം ചെയ്തു കൊണ്ട് ഈ ആഘോഷം വിജയിപ്പിച്ചു തരുവാൻ പ്രത്യേകം താല്പര്യപ്പെടുന്നു.

(കെ. വി. കെ. പ്രസാദ്)
ബഹു. പ്രസിഡന്റ്
കേരള വിശ്വകർമ്മ അസോസിയേഷൻ
9869016650

(പദ്മനാഭൻ വി. ആചാരി)
ബഹു. സെക്രട്ടറി
9833177345

(ടി. ഹരിദാസ്)
കൺവീനർ
സിൽവർ ജൂബിലി ആഘോഷ കമ്മിറ്റി
9920899737